



ഡോ. പി.എൻ. സുരേഷ് കുമ

# ദുർമന്ത്രവാദം എന്ന മനോരോഗം

" പൂജ, മന്ത്രവാദം എന്നീ മേഖലകളിൽ വിലസുന്നവരുടെ പ്രധാന ആയുധം മതമായിരിക്കും. മതവിശ്വാസത്തിൽ പിടിച്ചാണ് ഇവർ അന്ധവിശ്വാസത്തിലേക്ക് നയിക്കുന്നത്. എല്ലാ മതത്തിലും ഇത്തരം കപടസന്യാസികൾ ഉണ്ട്. ആകർഷിക്കാനും വികർഷിക്കാനും ചരട് ജപിച്ചുകൊടുക്കുന്നവരും ഊതിയ വെള്ളം കൊടുക്കുന്നവരും ചില പത്രം പൊതിഞ്ഞുകിടന്നാൽ അസുഖം മാറുമെന്ന് പ്രചരിപ്പിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഇവരെയൊന്നും പൂർണമായും വിലക്കാൻ സാധിക്കില്ല. പക്ഷെ ഇവരുമായി ചേർന്ന് ആരോഗ്യവകുപ്പിന് ചിലതെല്ലാം സമൂഹത്തിനു വേണ്ടി ചെയ്യാനാകും. ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ കേരള ബ്രാഞ്ച് പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചില നിർദേശങ്ങൾ വച്ചിരുന്നു. പോട്ട, ബീമാപള്ളി എന്നിവിടങ്ങളിൽ രോഗശാന്തിതേടി സന്ദർശിക്കുന്നവരിൽ പലർക്കും രോഗമുണ്ടെന്നത് അറിയാത്തതോ സമ്മതിക്കാത്തതോ ആയ അവസ്ഥയാണ്. ഇവരിൽ ഭൂരിഭാഗത്തിനും ചികിത്സ ആവശ്യമാണ്. അത്തരം ഘട്ടത്തിൽ അവരുടെ മനസ്സിലെ മതപരമായ വിശ്വാസത്തെ ഹനിക്കാതെതന്നെ അവർക്ക് കൃത്യമായ ചികിത്സ എത്തിക്കുകയാണ് പദ്ധതി. ഇതിനായി ബന്ധപ്പെട്ട പ്രാർഥനാചികിത്സ നടത്തുന്നവരുമായി ചേർന്ന് സഹകരിക്കണം. അവർക്ക് കൃത്യമായ പരിശീലനം നൽകുന്നതിലൂടെ സാധ്യമാകും. തങ്ങളുടെ പ്രാർഥനയ്ക്കൊപ്പംതന്നെ വിശ്വാസിക്ക് മരുന്നുകളുടെ സഹായവും തേടേണ്ടതുണ്ടെന്ന് വരുന്നവരെ ബോധ്യപ്പെടുത്തുന്നതിനാണ് സഹായിക്കേണ്ടത്. ഇക്കൂട്ടർ പറഞ്ഞാൽ രോഗശാന്തിതേടിയെത്തുന്നവർ തള്ളിക്കളയില്ല എന്ന ഗുണംകൂടിയുണ്ട്. അതിനായി പ്രാർഥനാചികിത്സ നടത്തുന്നവർക്ക് പരിശീലനം നൽകണം. രോഗാവസ്ഥ എന്താണെന്നും എങ്ങനെ ഇത്തരം രോഗികളെ കണ്ടെത്താമെന്നും ഏത് തലം മുതൽ ചികിത്സ അനിവാര്യമാണെന്നും അവരെ ബോധ്യപ്പെടുത്തി രോഗികളെ ആശുപത്രിയിലെത്തിക്കണം- എന്നതാണ് പദ്ധ

വായ്പയെടുത്ത ബാങ്കിന്റെ സമ്മർദം താങ്ങാനാകാതെ അമ്മയും മകളും ജീവനൊടുക്കിയ വാർത്ത കേട്ടത് തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ നിന്നായിരുന്നു. അമ്മയും 19 കാരിയായ മകളും മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയാണ് മരിച്ചത്. മരണത്തിൽ ബാങ്കിനെ പഴിചാരിയ ലോകം പക്ഷെ യാഥാർത്ഥ്യമറിഞ്ഞപ്പോൾ അക്ഷരാർഥത്തിൽ ഞെട്ടിത്തരിച്ചു. ഭർതൃമാതാവിന്റെയും ഭർത്താവിന്റെയും പീഡന- മന്ത്രവാദ കഥകൾ പിറ്റേന്ന് ഇരുവരെയും ജയിലഴിക്കുള്ളിലാക്കി. ഇരുട്ടിവെളുത്തപ്പോഴേക്കും കഥമാറിയത്. ഇവരുടെ ആത്മഹത്യാക്കുറിപ്പ് കണ്ടെടുത്തപ്പോഴാണ്.

പൊലീസ് നടത്തിയ തെരച്ചിലിൽ വീട്ടിൽ പ്രത്യേക അറകളും പൂജിക്കാൻ വച്ച ലോട്ടറിടിക്കറ്റ്, നിലവിളക്ക്, പട്ട് എന്നിവയും കണ്ടെടുത്തു.

നവോത്ഥാനത്തിന്റെ നവപാതയെപ്പറ്റി നാമെല്ലാവരും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് നമ്മെ ലജ്ജിപ്പിക്കുക തന്നെ ചെയ്യും.

തൊടുപുഴയിലോ മറ്റോ ഇത്തരത്തിലൊരു സംഭവമുണ്ടായത് ശിഷ്യൻ മന്ത്രവാദിയെത്തന്നെ കൊലപ്പെടുത്തിയതാണ്. മന്ത്രവാദിയുടെ ശക്തി തനിക്കു ലഭിക്കാൻ വേണ്ടി മറ്റൊരു മന്ത്രവാദി പറഞ്ഞുകൊടുത്തതാണ് കൊലപാതകം. അതിനുവേണ്ട സമയവും അയാൾ ഗണിച്ചുനൽകിയത്രെ. ആദ്യം പറഞ്ഞ സംഭവത്തിലേക്ക് വരാം. വീട്ടിൽ ആഭിചാര ക്രിയകളും അല്ലറചില്ലറ പൂജകളുമാണ് മരിച്ച ലേഖയുടെ ഭർതൃമാതാവ് ചെയ്തിരുന്നത്. ഇക്കാര്യം നാട്ടുകാർക്കും അറിവുള്ളതാണ്. മകൻ ചന്ദ്രനും(ലേഖയുടെ ഭർത്താവ്) ഇതിനു കൂട്ടുനിന്നു. ഗൾഫിലുള്ള ജോലി നഷ്ടപ്പെട്ട ചന്ദ്രന് തന്റെ അമ്മ പറയുന്നതിനപ്പുറം മറുത്തൊരു വാക്കില്ലായിരുന്നു. ബാങ്കിന്റെ ജപ്തിനോട്ടീസ് വന്നെങ്കിലും അതിൽ ഒന്നും ചെയ്യാൻ ചന്ദ്രൻ താൽപര്യപ്പെട്ടില്ല. പുരയിടം വിറ്റ് പണം ബാങ്കിലടയ്ക്കാമെന്ന ലേഖയുടെ നിർദേശവും ചെവിക്കൊണ്ടില്ല. താൻ ഉപാസിക്കുന്ന മൂർത്തികൾ എല്ലാം ശരിയാക്കിക്കൊള്ളുമെന്നായിരുന്നു ചന്ദ്രന്റെ അമ്മയുടെ പക്ഷം. അതിനാൽത്തന്നെ പുരയിടം വിൽക്കുന്നതിന് അവർ എതിർത്തു. ഒടുവിൽ മാനസിക-ശാരീരിക പീഡനം സഹിക്കാതെയാണ് ലേഖയും 19 വയസ്സുള്ള മകളും തീകൊളുത്തിയത്.

തിരുവനന്തപുരത്തുതന്നെ നടന്ന മറ്റൊരു സംഭവം, നന്തൻകോട് ഉള്ള കേഡൽ ജിൻസൺ എന്ന യുവാവ് സ്വന്തം അച്ഛൻ, അമ്മ, ബന്ധുവടക്കമുള്ളവരെ വെട്ടിക്കൊന്നത് ഇതുമായി കൂട്ടിച്ചേർത്തുവായിക്കാവുന്നതാണ്. ഇതിൽ രണ്ടിലും പൊതുവായി ഒന്നേയുള്ളൂ. ദുർമന്ത്രവാദം. ബാക്കിയെല്ലാം അജഗജാന്തരമുണ്ട്. ആദ്യത്തേതിൽ കുടുംബത്തിൽ ഭൂരിഭാഗത്തിനും വിദ്യാഭ്യാസമില്ല, ദരിദ്ര കുടുംബമാണ് എന്നൊക്കെയുള്ളത് ഒരു കാരണമാകാം എങ്കിലും രണ്ടാമത്തേതിൽ സ്ഥിതി നേരെ വിഭിന്നമാണ്. ഉന്നതവിദ്യാഭ്യാസം നേടിയ കുടുംബം. ഡോക്ടർമാരായ മാതാപിതാക്കൾ. പ്രതിയായ കേഡലും മികച്ച വിദ്യാഭ്യാസം നേടിയയാൾ. സമ്പന്ന കുടുംബം. പക്ഷെ, ആസ്ട്രൽ പ്രൊജക്ഷനിലൂടെ അതീന്ദ്രിയ ശക്തി ലഭിക്കുന്നതിന് നടത്തിയ ആവാഹന മുറയാണ് രക്ഷിതാക്കളുടെ ജീവനെടുക്കുന്നതിൽ കലാശിച്ചത്. ഇയാൾ ജയിൽശിക്ഷ അനുഭവിച്ചുവരികയാണ്.

## ദുർമന്ത്രവാദം

ഇതിന്റെ മനശാസ്ത്രപരമായ വശം നോക്കിയാൽ കാര്യം വ്യക്തമാണ്. മന്ത്രവാദത്തിന്റെ, അന്ധവിശ്വാസത്തിന്റെ പിടിയിൽപെടുന്നത് പലപ്പോഴും മാനസികമായി എന്തെങ്കിലും പ്രശ്നങ്ങളുള്ള അത്തരം താൽപര്യമുള്ള ഒരാളായിരിക്കും. ഇവരുടെ മാനസികാരോഗ്യം ശരാശരിയിലും താഴെയായിരിക്കും. ഭൂരിഭാഗവും സ്കീസോഫ്രീനിയ, ഹിസ്റ്റീരിയ എന്നിവപോലുള്ള രോഗാവസ്ഥയിലുള്ളവരുമാകാം. പൊതുവെ ഇത്തരം പ്രശ്നങ്ങളിൽപെടുന്നവരുടെ മാനസികാരോഗ്യനില പരിശോധിക്കേണ്ടതുണ്ട്. ഇക്കൂട്ടർ തങ്ങളുടെ ഇഷ്ടസാധ്യത്തിനായി പലതും ചെയ്തുകൂട്ടും.

വേറൊരു കൂട്ടരുണ്ട്, തങ്ങൾക്ക് രോഗമാണെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചാലും അത് സമ്മതിച്ചുതരാത്തവർ. അതായത്, ചികിത്സ തേടാൻ മടിക്കുന്നവർ. പൊതുഇടത്തിൽ ഇത് ചർച്ചചെയ്യുന്നതിനുള്ള മടിമൂലം, അപകർഷതമൂലം വ്യാജസിദ്ധൻമാരെയും മന്ത്രവാദികളെയും കണ്ട് കാലംകഴിക്കുന്നവർ. ബാധ കേറിയതാണെന്നും ജിന്ന് പിടിച്ചതാണെന്നും പറഞ്ഞ് പരമാവധി പണം വസൂലാക്കുകയാണ് ഇത്തരം മന്ത്രവാദികൾ ചെയ്യുന്നത്. ഡോക്ടർമാരെ കാണാൻ മടിയുള്ള കൂട്ടർ ചെന്നുപെടുന്നത് ഇത്തരക്കാരുടെ കൈയ്യിലായിരിക്കും. ഇത്തരത്തിൽ പെരുമാറുന്നവരെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മാനസികരോഗികളാണ് എന്നതാണ് സത്യം. അപസ്മാരം, ഡിപ്രഷൻ, സ്കീസോഫ്രീനിയ, ഹിസ്റ്റീരിയ എന്നിവയിലേതെങ്കിലുമൊക്കെ ഇവരിലുണ്ടാകും. അമിതവിശ്വാസം അന്ധവിശ്വാസമായി മാറുന്ന ഈ സാഹചര്യത്തിലാണ് വിദ്യാസമ്പന്നരെന്ന് നാം കരുതുന്നവർ പോലും അപസ്മാരം ബാധിച്ച ഒരാൾക്ക് താക്കോൽകൂട്ടം കൈയ്യിൽ പിടിപ്പിക്കാൻ ശ്രമിക്കുന്നത്.

## നിയമമില്ല

മന്ത്രവാദികളെയോ അവരുടെ കുട്ടിച്ചാത്തന്മാരെയോ ശിക്ഷിക്കാൻ ഇന്ത്യൻ പീനൽകോഡിൽ നിയമമില്ലാത്തതാണ് ഏറെ വെല്ലുവിളി. വഞ്ചന, പറ്റിക്കൽ, ആൾമാറാട്ടം തുടങ്ങിയ കുറ്റമായി ഇത് ചുരുങ്ങുന്നു. അതിനാൽ അത്തരത്തിൽ ഒരു നിയമസംവിധാനമൊരുങ്ങേണ്ടത് അത്യാവശ്യമാണ്. കൃത്യമായ ശിക്ഷാസംവിധാനം മേഖലയിലെ കള്ളനാണയങ്ങൾക്ക് തിരിച്ചടിയാകും. ഇന്നിപ്പോൾ ഇന്റർനെറ്റിൽ സെർച്ച് ചെയ്താൽ ഇത്തരം സാത്താൻസേവ, മന്ത്രവാദം തുടങ്ങിയ എല്ലാത്തിനെപ്പറ്റിയും വിവരം ലഭിക്കും. പലതും ഓൺലൈൻ സർവീസുകൾതന്നെയുണ്ട്. പണമിടപാടും പോലും ഓൺലൈനായി ചെയ്യാം. 24 മണിക്കൂറും സപ്പോർട്ട് ഇത്തരം സൈറ്റുകളിലുണ്ട്. ആവശ്യക്കാർക്ക് ഗുരുവുമായി ചാറ്റ് ചെയ്യാം. പ്രേമം തകർന്നാൽ, പ്രേമം ശരിയാക്കാൻ, ശത്രുക്കളെ ഇല്ലാതാക്കാൻ തുടങ്ങി എല്ലാത്തിനും തത്സമയം സഹായമെത്തിക്കുന്ന സൈബർ

സംഘങ്ങൾ ഇവിടെയുണ്ട്. പോലീസിന്റെ സൈബർസെൽ ഇത്തരം കാര്യങ്ങളിലേക്ക് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടസമയം അതിക്രമിച്ചുകഴിഞ്ഞു.

### മറ്റാർക്കും കിട്ടാത്ത മണി

ഉന്നതവിദ്യാഭ്യാസം നേടിയവർ പോലും ഇത്തരം അന്ധവിശ്വാസത്തിൽ വീഴുന്നു എന്നതാണ് ഭീകരം. കേഡലിന്റെ കാര്യത്തിൽ സംഭവിച്ചത് അതാണ്. മറ്റാർക്കും കിട്ടാത്ത ഭാഗ്യംകിട്ടാനാണ് സാത്താൻസേവ പോലുള്ളതിലേക്ക് ഇവർ തിരിയുന്നത്. Freemason ഗ്രൂപ്പുകൾ ഇന്ന് ലോകത്തെമ്പാടുമുണ്ട്. എന്തിനധികം നമ്മുടെ കൊച്ചു കേരളത്തിലെ ഒട്ടുമിക്ക നഗരത്തിലും ബ്ലാക്ക് മാജിക് സംഘത്തിന്റെ ആളുകൾ, സാത്താനെ സേവിക്കുന്നവർ ഉണ്ട് എന്നാണ് റിപ്പോർട്ട്. അതിൽ ഉന്നതവിദ്യാഭ്യാസം നേടിയവരും സമൂഹത്തിന്റെ മുഖ്യധാരയിൽ വരുന്നവരും ഉൾപ്പെടും. മറ്റാർക്കും കിട്ടാത്ത സൗഭാഗ്യം ലഭിക്കുക എന്നതാണ് ഇക്കൂട്ടരുടെ പ്രധാന ലക്ഷ്യം. തങ്ങളുടെ പ്രൊഫഷനിൽ മികച്ച നേട്ടം, അസൂയാവഹമായ വളർച്ച എന്നിവയൊക്കെ ലഭിക്കുന്നത് സാത്താൻമാരെ പൂജിച്ചിട്ടാണെന്ന് വിശ്വസിക്കുന്നവരാണിവർ. അതിൽനിന്നുമനസ്സിലാക്കാം, മനസ്സിൽ ആഴത്തിൽ വേരോടിയ അന്ധവിശ്വാസം ഒരുപരിധിവരെ വിദ്യാഭ്യാസംകൊണ്ടുപോലും നീക്കാനാവില്ല എന്ന്. സ്വന്തം നേട്ടങ്ങൾക്കായി ഏതുതരത്തിലുള്ള കുറുക്കുവഴികളും ഇക്കൂട്ടർ തേടും.

### സിനിമകളും പ്രചോദനം

ചില സിനിമകൾ ഇത്തരം അതീതശക്തിയെ പരോക്ഷമായെങ്കിലും പിന്തുണയ്ക്കുന്നത് ആളുകളിൽ അത്തരം താൽപര്യമുണർത്തും. പൃഥ്വിരാജ്, ഭാവന എന്നിവരഭിനയിച്ച ആദം ജോൺ എന്ന ചിത്രം ഇത്തരം സാത്താൻസേവ തുറന്നുകാണിക്കുന്നതായിരുന്നു. പക്ഷെ അതിന്റെ ശരിയായ അർഥം മനസ്സിലാക്കാതെ പോയി. ഈയിടെയിറങ്ങി കോടികളുടെ ക്ലബ്ബിൽ ഇടംനേടിയ ഒടിയൻ എന്ന മോഹൻലാൽചിത്രവും അതുപോലെ തന്നെ. ഇത്തരം മിത്തുകൾ ഉണ്ട് അല്ലെങ്കിൽ ഉണ്ടായിരുന്നു എന്നാണ് പറഞ്ഞുവയ്ക്കുന്നത്. ചിലരെങ്കിലും അത് വിശ്വസിക്കുന്നുമുണ്ടാകും. അവരിലാണ് നമ്മളാദ്യം പറഞ്ഞ വിചാരങ്ങൾ പ്രവർത്തിക്കുക. ഇത്തരം സിനിമകളിൽ നൽകപ്പെടുന്ന ഹീറോ പരിവേഷം അതിലേക്ക് പ്രേക്ഷകരെ ആകർഷിക്കാൻ ഇടനൽകും. യാഥാർഥ്യത്തിലേക്ക് നയിക്കുന്ന കാര്യങ്ങൾ പറഞ്ഞുവെക്കാൻ ഇത്തരം സിനിമകൾക്കാകണം. ജീവിതത്തിൽ ഏലസ്സ്, ഉറുക്ക്, കുട്ടിച്ചാത്തൻ സേവ എന്നിവയുമായി നടക്കുന്ന ഒരാൾക്ക് ഒടിയൻ എന്ന സേവയിലും വിശ്വാസം വരാൻ അധികസമയം വേണ്ട.

> അമിതവിശ്വാസം അന്ധവിശ്വാസമായി മാറുന്ന ഈ സാഹചര്യത്തിലാണ് വിദ്യാസമ്പന്നരെന്ന് നാം കരുതുന്നവർ പോലും അപസ്മാരം ബാധിച്ച ഒരാൾക്ക് താക്കോൽകൂട്ടം കൈയ്യിൽ പിടിപ്പിക്കാൻ ശ്രമിക്കുന്നത്. ഇന്റർനെറ്റിൽ സെർച്ച് ചെയ്താൽ ഇത്തരം സാത്താൻസേവ, മന്ത്രവാദം തുടങ്ങിയ എല്ലാത്തിനെ പറ്റിയും വിവരം ലഭിക്കും. പലതും ഓൺലൈൻ സർവീസുകൾ തന്നെയുണ്ട്. പണമിടപാടും പോലും ഓൺലൈനായി ചെയ്യാം. 24 മണിക്കൂറും സപ്പോർട്ട് ഇത്തരം സൈറ്റുകളിലുണ്ട്. ആവശ്യക്കാർക്ക് ഗുരുവുമായി ചാറ്റ് ചെയ്യാം. പ്രേമം തകർന്നാൽ, പ്രേമം ശരിയാക്കാൻ, ശത്രുക്കളെ ഇല്ലാതാക്കാൻ തുടങ്ങി എല്ലാത്തിനും തത്സമയം സഹായമെത്തിക്കുന്ന സൈബർ സംഘങ്ങൾ ഇവിടെയുണ്ട്. പോലീസിന്റെ സൈബർസെൽ ഇത്തരം കാര്യങ്ങളിലേക്ക് കൂടുതൽ ശ്രദ്ധാകേന്ദ്രീകരിക്കേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു.



### ആരോട് പറയാൻ

പൂജ, മന്ത്രവാദം എന്നീ മേഖലകളിൽ വിലസുന്നവരുടെ പ്രധാന ആയുധം മതമായിരിക്കും. മതവിശ്വാസത്തിൽ പിടിച്ചാണ് ഇവർ അന്ധവിശ്വാസത്തിലേക്ക് നയിക്കുന്നത്. എല്ലാ മതത്തിലും ഇത്തരം കപടസന്യാസികൾ ഉണ്ട്. ആകർഷിക്കാനും വികർഷിക്കാനും ചരട് ജപിച്ചുകൊടുക്കുന്നവരും ഊതിയ വെള്ളം കൊടുക്കുന്നവരും ചില പത്രം പൊതിഞ്ഞുകിടന്നാൽ അസുഖം മാറുമെന്ന് പ്രചരിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഇവരെയൊന്നും പൂർണമായും വിലക്കാൻ സാധിക്കില്ല. പക്ഷെ ഇവരുമായി ചേർന്ന് ആരോഗ്യവകുപ്പിന് ചിലതെല്ലാം സമൂഹത്തിനുവേണ്ടി ചെയ്യാനാകും.

ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ കേരള ബ്രാഞ്ച് പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചില നിർദേശങ്ങൾ വച്ചിരുന്നു.

പോട്ട, ബീമാപള്ളി എന്നിവിടങ്ങളിൽ രോഗശാന്തിതേടി സന്ദർശിക്കുന്നവരിൽ പലർക്കും രോഗമുണ്ടെന്നത് അറിയാത്തതോ സമ്മതിക്കാത്തതോ ആയ അവസ്ഥയാണ്. ഇവരിൽ ഭൂരിഭാഗത്തിനും ചികിത്സ ആവശ്യമാണ്. അത്തരം ഘട്ടത്തിൽ അവരുടെ മനസ്സിലെ മതപരമായ വിശ്വാസത്തെ ഹനിക്കാതെതന്നെ അവർക്ക് കൃത്യമായ ചികിത്സ എത്തിക്കുകയാണ് പദ്ധതി. ഇതിനായി ബന്ധപ്പെട്ട പ്രാർഥനാചികിത്സ നടത്തുന്നവരുമായി ചേർന്ന് സഹകരിക്കണം. അവർക്ക് കൃത്യമായ പരിശീലനം നൽകുന്നതിലൂടെ സാധ്യമാകും. തങ്ങളുടെ പ്രാർഥനയ്ക്കൊപ്പംതന്നെ വിശ്വാസിക്ക് മരുന്നുകളുടെ സഹായവും തേടേണ്ടതുണ്ടെന്ന് വരുന്നവരെ ബോധ്യപ്പെടുത്തുന്നതിനാണ് സഹായിക്കേണ്ടത്. ഇക്കൂട്ടർ പറഞ്ഞാൽ രോഗശാന്തിതേടിയെത്തുന്നവർ തള്ളിക്കളയില്ല എന്ന ഗുണംകൂടിയുണ്ട്. അതിനായി പ്രാർഥനാചികിത്സ നടത്തുന്നവർക്ക് പരിശീലനം നൽകണം. രോഗാവസ്ഥ എന്താണെന്നും എങ്ങനെ ഇത്തരം രോഗികളെ കണ്ടെത്താമെന്നും ഏത് തലം മുതൽ ചികിത്സ അനിവാര്യമാണെന്നും അവരെ ബോധ്യപ്പെടുത്തി രോഗികളെ ആശുപത്രിയിലേക്കെത്തിക്കണം- എന്നതാണ് പദ്ധതി.

## നമ്മുടെ വീട്ടിലും സംഭവിക്കാം

പത്രത്തിലും ചാനലിലും വാർത്തകൾ വരുമ്പോൾ സാമാന്യയുക്തിയിൽ പലരും കരുതുന്നത് ഇത് സ്വന്തം വീട്ടിലല്ലല്ലോ സംഭവിച്ചത് എന്നാണ്. പലർക്കും അതാണാശ്വാസം, സംഭവിച്ചത് മറ്റുള്ളവർക്കല്ലേ എന്ന്. ആ നിലപാട്, കാഴ്ചപ്പാട് മാറണം. സ്വന്തം വീട്ടിലും തൊട്ടയൽവീട്ടിലും എന്തെല്ലാം നടക്കുന്നുവെന്നതിന് ധാരണവേണം. വേണ്ടാത്തത് കണ്ടാൽ പറയാൻ കരുത്ത് വേണം. ഇനി അത് കുടുംബങ്ങൾ തമ്മിൽ ബന്ധത്തെ ബാധിക്കുമെന്ന ഭയമുണ്ടെങ്കിൽ റസിഡന്റ്സ് അസോസിയേഷനുകൾ പോലെയോ ജനമൈത്രി പോലീസ് പോലുള്ളവയെയോ സമീപിക്കാം. അതുമല്ലെങ്കിൽ പ്രദേശത്തെ രാഷ്ട്രീയ പാർട്ടികളുടെ സഹായംതേടാം.



**നച്ചൽ**
സുരേഷ് ബാബു മാങ്ങാട്
[illegible]
വില: [illegible]

വടക്കൻ മലബാറിലെ തെയ്യക്കോലങ്ങളും ചപ്പുകൃഷിയും നായാട്ടുമൊക്കെ ആവിഷ്കൃതമാകുന്ന രചന. നാട്ടു വഴക്കങ്ങളും കാട്ടുശീലങ്ങളും പഴയകാല പെരുമയും സമ്മേളിതമാകുന്ന സമ്മിശ്ര സമൂഹത്തിലേക്ക് വെളിച്ചം പകരുന്ന നോവൽ.



ഡോ. പി എൻ സുരേഷ് കുമാർ രചിച്ച് ഡി സി ബുക്സ് പ്രസിദ്ധീകരിച്ച 'ഡോപമിൻ ഇന്റർനെറ്റ് അഡിക്ഷൻ രോഗമോ', എന്ന പുസ്തകത്തിന്റെ പ്രകാശനം എം പി വീരേന്ദ്രകുമാർ എം പി കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് നിർവഹിച്ചപ്പോൾ.



**മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു**
ഇ. സന്തോഷ് കുമാർ
ഹരിതം ബുക്സ്
വില: 140.00




PRE BOOKING STARTED